# കെ. എം. മാണി സ്മാരക ഗവ. ജനറൽ ആശുപത്രി

## പാലാ,കോട്ടയം

ഫോൺ: 04822 215154

E-mail :suptpala@gmail.com

നം.സി1-2676/2026

കെ.എം.എം.എസ്.ജി.ജി.എച്ച്
പാലാ

തീയതി.16/05/2026

**ടെണ്ടർ നോട്ടീസ്**

കെ.എം.മാണി സ്മാരക ഗവ.ജനറൽ ആശുപത്രിയിൽ കാസ്പ്/ജെ.എസ്.എസ്.കെ/ ആർ.ബി.എസ്.കെ/എ.കെ/ട്രൈബൽ പദ്ധതികളിൽ ഉൾപ്പെടുന്ന രോഗികൾക്ക് ഈ സ്ഥാപനത്തിലും/കാരുണ്യ/മാവേലി മെഡിക്കൽ സ്റ്റോറുകളിലും ലഭ്യമല്ലാത്ത ജനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിന് ഈ സ്ഥാപനത്തിന്റെ 1 കി.മി ചുറ്റളവിലുള്ള മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് "ജനറൽ ആശുപത്രി, പാലായിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള ദർഘാസ്" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ദർഘാസിനൊപ്പം 5000/- രൂപയുടെ ഇ.എം.ഡി തുക സൂപ്രണ്ടിന്റെ പേരിൽ മാറാവുന്ന ഡി.ഡി ആയി സമർപ്പിക്കേണ്ടതാണ്. മുദ്രവെച്ച ദർഘാസുകൾ 10.06.2026 പകൽ 11.00 എ.എം വരെ ആഫീസിൽ സ്വീകരിക്കുന്നതും, അന്നേ ദിവസം 3.00 പി.എം-ന് അപ്പോൾ ഹാജരായിട്ടുള്ള ദർഘാസ് സമർപ്പിച്ചവരുടേയോ അവർ അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും, എം.ആർ.പി-യിൽ കൂടുതൽ കിഴിവ് (Percentage base) രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിന്റെ പേരിൽ ദർഘാസ് സ്ഥിരപ്പെടുത്തുന്നതുമാണ്.

ദർഘാസ് സമർപ്പിച്ച കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് നടപടികൾ മുൻകൂട്ടി അറിയിക്കാതെ മാറ്റിവെയ്ക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

| | | |
|---|---|---|
| ദർഘാസ് ഫാറം വില | : | Rs.1000+18% ജി.എസ്.ടി |
| ദർഘാസ് ഫാറം ലഭിക്കുന്ന അവസാന തീയതി | : | 09.06.2026,04.00 പി.എം |
| ദർഘാസ് ഫാറം സ്വീകരിക്കുന്ന അവസാന തീയതി | : | 10.06.2026, 11.00 എ.എം |
| ദർഘാസ് തുറക്കുന്ന തീയതി, സമയം | : | 10.06.2026, 3.00 പി.എം |

കരാറുകാരൻ കരാർ സമർപ്പിക്കുമ്പോൾ 200 രൂപയുടെ മുദ്രപ്പത്രത്തിൽ സ്റ്റോർ പർച്ചേസ് നിയമത്തിന്റെ പൊതു വ്യവസ്ഥകൾ നിർദേശിച്ചിട്ടുള്ള ഒരു താത്ക്കാലിക ഉടമ്പടി സമർപ്പിക്കുകയും, കരാർ ലഭിക്കുന്ന സ്ഥാപനം ഫൈനൽ കരാർ 200 രൂപയുടെ മുദ്രപ്പത്രത്തിൽ സമർപ്പിക്കേണ്ടതുമാണ്.

കെ.എം. മാണി സ്മാരക ഗവൺമെന്റ് ജനറൽ ആശുപത്രി

സൂപ്രണ്ട്

SUPERINTENDENT
K. M Mani Memorial
Govt. General Hospital, Pala